**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 210** **28/05/2019 ൽ മറുപടിയ്ക്ക്**

**അനധികൃത ഫ്ലാറ്റ് നിർമ്മാണം സംബന്ധിച്ച് വിജിലൻസ് അന്വേഷണം**

| ചോദ്യം<br>ശ്രീ.യു.ആർ. പ്രദീപ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കൊച്ചി നഗരത്തിൽ തീരദേശ പരിപാലന നിയമം ലംഘിച്ചുകൊണ്ട് ഫ്ലാറ്റുകൾ നിർമ്മിച്ചു എന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | കൊച്ചി നഗരത്തിൽ തീരദേശ പരിപാലന നിയമം ലംഘിച്ചുകൊണ്ട് ഫ്ലാറ്റുകൾ നിർമ്മിച്ചു എന്ന ആരോപണത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിയിട്ടുണ്ട്.ഇതു സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എറണാകുളം യൂണിറ്റിൽ രണ്ട് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ എത്ര ഫ്ലാറ്റുകൾ നിർമ്മിച്ചതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്; അവയുടെ പേരുവിവരം വ്യക്തമാക്കുമോ; | (സി) | 42 കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി)<br><br>(ഇ) | നിയമം ലംഘിച്ചുകൊണ്ട് ഫ്ലാറ്റ് നിർമ്മിച്ചതിൽ കൊച്ചി നഗരസഭ ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയതായി കണ്ടെത്തിയിട്ടുണ്ടോ;<br><br>നിയമം ലംഘിച്ചുകൊണ്ട് ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ആരെല്ലാം കൂട്ടുനിന്നു എന്ന് കണ്ടെത്തുന്നതിന് ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിയ്ക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | (ഡി)<br>&<br>(ഇ) | തീരദേശ പരിപാലന നിയമം ലംഘിച്ചുകൊണ്ട് കൊച്ചി ചിലവന്നൂർ കായൽ തീരത്ത് പണികഴിപ്പിച്ചിട്ടുള്ള 12 കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട് കൊച്ചി കോർപ്പറേഷൻ ഉദ്യോഗസ്ഥർക്ക് എതിരേയും മരട് മുൻസിപ്പാലിറ്റി ഉദ്യോഗസ്ഥർക്കെതിരെയും ശ്രീ.എ.വി.ആന്റണി എന്നയാൾ ബഹു. തൃശ്ശൂർ വിജിലൻസ് കോടതിയിൽ കൊടുത്ത CMP 530/2013 നമ്പർ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എറണാകുളം യൂണിറ്റിൽ വി.സി 04/ 2015/ ഇ. കെ.എം. നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.<br><br>കൊച്ചി ചിലവന്നൂർ കായൽ തീരം കയ്യേറിയുള്ള Heera Waters എന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേട് സംബന്ധിച്ച് വി.സി.08/2014/ഇ.കെ.എം ആയി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ കൊച്ചി കോർപ്പറേഷനിലെ 14 ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl.No | Name |
|---|---|
| 1. | Chackolus (Renu Mathew) |
| 2. | Choice Mareena(Jose Thomas) |
| 3. | Taj Malabar Resort & Spa, Wellington Island |
| 4. | Abad Spice Town Flax, Jew Town Road, Marakkadavu |
| 5. | Mareena Good Cound, Thoppuppadi Junction |
| 6. | Shipyards Building |
| 7. | Vanshika |
| 8. | Abad Cloud Apartments |
| 9. | Servate La Rochele |
| 10. | Galaxy Golden Dale |
| 11. | Galaxy High Field |
| 12. | Century Terrace |
| 13. | The Wood Ford Apartments |
| 14. | BSNL Quarters |
| 15. | Apartment Building, Panampilly Nagar |
| 16. | Skyline Belair |
| 17. | Commercial Building, Shihab Thangal Road |
| 18. | Mixed Residential/Commercial Building, Shihab Thangal Road |
| 19. | Jalavayu Vihar, Shihab Thangal Road |
| 20. | Galaxy Clifford |
| 21. | Abad Lotus Lake |

| Sl.No | Name |
|---|---|
| 22. | Heera Waters |
| 23. | Palm grove Apartment |
| 24. | Galaxy Kingston Towers |
| 25. | Blue Lagoon Apartments |
| 26. | East Land Enclave (India Bank Officers Quarters) |
| 27. | Aryabhangi Commercial Complex |
| 28. | Radisson Blue Hotel |
| 29. | Galaxy Luxor Apartment |
| 30. | Galaxy Windsor Apartment |
| 31. | Lake view Hicorn Builders |
| 32. | High-grid Home's |
| 33. | Toc-H retreat |
| 34. | Choice Garden |
| 35. | DLF River side |
| 36. | Jewel Bay View Apartment |
| 37. | Apartment Tank Bund Road |
| 38. | Punarjani Hospital |
| 39. | Santhi River Dale |
| 40. | Jewel Planet |
| 41. | Mermaid Hotel |
| 42. | Kent Glass House |

സെക്ഷൻ ഓഫീസർ